**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2764** **13-10-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം GO(Ms) No.57/2021/RD തീയതി 12.02.2021 പ്രകാരവും ശമ്പളപരിഷ്കരണം നടത്തുന്നതിനുള്ള ശമ്പള ഫിക്സേഷൻ റൂൾ അംഗീകരിച്ച് GO(Ms)161/2021 തീയതി 18.08.2021 പ്രകാരവും അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 14.09.2021 ൽ ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിനുള്ള അപേക്ഷകൾ ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്കും അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനാകുമെന്നും അതോടൊപ്പം ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം ജീവനക്കാർക്ക് ലഭ്യമാകുന്നതുമാണ്. |
| (ബി) | ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. ധനകാര്യ വകുപ്പിന്റെ റിമാർക്കിന്റെ അടിസ്ഥാനത്തിലാണ് ശമ്പള പരിഷ്കരണ ഉത്തരവും ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ഫിക്സേഷൻ ചട്ടങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷകരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | ഉൾക്കൊള്ളിച്ചുകൊണ്ട് 14.09.2021 ൽ ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിനുള്ള അപേക്ഷകൾ ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്കും അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം ശമ്പള പരിഷ്കരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനാകുമെന്നും അതോടൊപ്പം ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം ജീവനക്കാർക്ക് ലഭ്യമാകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ